**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4921** **11-08-2021 - ൽ മറുപടിയ്ക്ക്**

**വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പത്തുകോടി രൂപ ചെലവിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ച കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വാഴക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുക്കുകയും, വി.പി.എസ് ഹെൽത്ത് കെയർ എന്ന സംഘടന വഴി സ്ഥാപനത്തിന് ആധുനിക രീതിയിൽ ഒരു കെട്ടിടം പണിത് നൽകുകയും, രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് നിലവിൽ സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പ്രവർത്തിച്ചു വരികയുമാണ്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു അസിസ്റ്റന്റ് സർജന്റെയും , ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ സ്ഥാപനത്തിലെ നിലവിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട് (NHM, LSGD, HMC ഉൾപ്പെടെ) . കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ഒരു അസിസ്റ്റന്റ് സർജനേയും ഒരു ഫാർമസിസ്റ്റിനേയും പഞ്ചായത്ത് മുഖേന നിയമിച്ചിട്ടുണ്ട്. |
| (ബി) | കൊണ്ടോട്ടി ബ്ലോക്കിന് കീഴിൽ സാമൂഹികാരോഗ്യ കേന്ദ്രം ഇല്ലാത്തതിനാൽ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാരിന്റെ നിലവിലെ നയം അനുസരിച്ച് ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സി.എച്ച്.സി/ പി.എച്ച്.സി യെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്ന പദ്ധതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് പ്രകാരം കൊണ്ടോട്ടി റവന്യൂ ബ്ലോക്കിൽ നിലവിൽ സി.എച്ച്.സി ഇല്ലാത്തതിനാൽ പ്രാഥമികാരോഗ്യകേന്ദ്രം പള്ളിക്കൽ എന്ന സ്ഥാപനത്തെ ആണ് മേൽ പറഞ്ഞ രീതിയിൽ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ